ഉത്തരം

(എ) 3115
(ബി) 708

നേവൽ അക്കാഡമി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

14. [18] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേവൽ അക്കാഡമി പ്രദേശത്തുനിന്നും കുടി ഒഴിപ്പിക്കപ്പെട്ടവർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച നഷ്ടപരിഹാരം എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും ലഭ്യമാക്കാനുള്ള ഗവൺമെന്റിന്റെ പരിഗണനയിലുള്ള നഷ്ടപരിഹാരങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി.) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലമെടുപ്പ് (ദേഗതി) നിയമം അനുസരിച്ച് 15% നഷ്ടപരിഹാരവും സ്ഥലത്തിന്റെ മാർക്കറ്റുവിലയുടെ 12% വും കൂടുതലായി നൽകുവാനുണ്ട്.

സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷൻ

15. [19] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മാർച്ച് 31 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് ഗവൺമെന്റ് മുഖേന എത്ര സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 10176 പേർക്ക് ഇപ്പോഴും സംസ്ഥാന പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്:

തിരുവനന്തപുരം	..	1700
കൊല്ലം	..	1009
പത്തനംതിട്ട	..	101
ആലപ്പുഴ	..	1384
എറണാകുളം	..	315
കോട്ടയം	..	113
ഇടുക്കി	..	85
തൃശ്ശൂർ	..	563
പാലക്കാട്	..	398
മലപ്പുറം	..	1888
കോഴിക്കോട്	..	998
വയനാട്	..	39
കണ്ണൂർ	..	1379
കാസർകോഡ്	..	204
		10176

LIBRARY ARCHIVES Kerala Legislative Assembly